(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയും മറ്റും നിയമനം ലഭിച്ചവർക്ക് സർവ്വീസിൽ നിന്നും പിരിയുമ്പോൾ ടെർമിനൽ സറണ്ടർ 9-1-2002 വരെ നൽകിയിരുന്നു. ഇപ്പോൾ ഈ ആനുകൂല്യം നിർത്തലാക്കി.

(സി) 17-5-2002-ലെ 32/02/ധന. സർക്കുലർ പ്രകാരം 10-1-2002 മുതൽ താത്കാലിക ജീവനക്കാർക്ക് ലീവ് സറണ്ടർ ആനുകൂല്യത്തിന് അർഹതയില്ല.

(ഡി) സമർപ്പിക്കുന്നു.*

(ഇ) ഉണ്ട്.

(എഫ്&ജി) നിർത്തലാക്കിയിട്ടില്ല. ഇക്കാര്യം വിശദീകരിച്ച് ഉടൻതന്നെ നിർദ്ദേശം പുറപ്പെടുവിക്കുന്നതാണ്.

കുഴൽമന്ദം മണ്ഡലത്തിലെ പ്രവൃത്തികൾക്ക് അനുവദിച്ച തുക

4 (2452) ശ്രീ. എ. കെ. ബാലൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുഴൽമന്ദം മണ്ഡലത്തിൽപ്പെട്ട ഏതെല്ലാം പ്രവൃത്തികൾക്കാണ് 2003-04 ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുള്ളത് ;

(ബി) ഉപധനാഭ്യർത്ഥനകളിൽ ഏതെങ്കിലും പ്രവൃത്തികൾക്ക് തുക അനുവദിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഏതെല്ലാം പ്രവൃത്തികൾക്ക് എത്ര ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട് ; വിശദവിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) കുഴൽമന്ദം സബ്ട്രഷറിക്ക് കെട്ടിട നിർമ്മാണം, കുഴൽമന്ദം-മങ്കര റോഡ് അഭിവൃദ്ധിപ്പെടുത്തൽ, കുഴൽമന്ദം-പാലക്കാട് മണ്ഡലങ്ങളിലെ പറളി-കോസ്വേ റോഡ് അഭിവൃദ്ധിപ്പെടുത്തൽ, കുഴൽമന്ദം ഐ.ടി.ഐ.ക്ക് കെട്ടിട നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾക്ക് 2003-04 ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

(ബി&സി) 2003-04 സാമ്പത്തിക വർഷത്തിലെ ഉപധനാഭ്യർത്ഥനാ നിർദ്ദേശങ്ങൾ പരിശോധിച്ചുവരികയാണ്.

ദേശീയ സമ്പാദ്യ പദ്ധതിയിലേക്ക് നിക്ഷേപം വർദ്ധിപ്പിക്കാൻ നടപടി

5 (2453) ശ്രീ. പി. ജയരാജൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ സമ്പാദ്യ പദ്ധതിയിലേക്ക് നിക്ഷേപം വർദ്ധിപ്പിച്ച് കിട്ടുന്നതിലേക്ക് നടത്തുന്ന ശ്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ ;

(ബി) ഈ സാമ്പത്തിക വർഷം സമാഹരിക്കാനുദ്ദേശിച്ച തുക എത്ര ; ഇതിനകം എന്തു തുക സമാഹരിക്കുകയുണ്ടായി ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly